# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6671 — 12.07.2012-ൽ മറുപടിക്ക്

## ആർ. ബി. ഐ. നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ആർ. ബി. ഐ. യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമ നിർമ്മാണ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 (2011-ലെ 18-ാം നമ്പർ ബിൽ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. ടി ബിൽ പ്രകാരമുള്ള നിർദ്ദിഷ്ട നിയമ ഭേദഗതിയിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് റിസർവ് ബാങ്കിന്റെ ലൈസൻസ് നിർബന്ധമാക്കാനുള്ള നിർദ്ദേശമുണ്ട്. ടി നിയമ ഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തുള്ളതും ബാങ്കിംഗ് ഇടപാട് നടത്തുന്നതുമായ എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളും റിസർവ്വ് ബാങ്കിന്റെ ലൈസൻസ് നേടി മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. |
| (ബി) ഇതിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ബിൽ ആണ്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ